(സി) പരിച്ചുവിടപ്പെട്ട ഇത്തരം എത്രപേർ ഉണ്ട്;

(ഡി) ഇവർക്ക് ജോലിനൽകുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) കിട്ടിയിട്ടുണ്ട്.

(ബി) 7-1-1973-ന് മുൻപ് ജോലിക്കുവേണ്ടി അപേക്ഷിച്ചിരുന്നവരുടെ അപേക്ഷകൾ മാത്രം പരിഗണിച്ചാൽ മതിയാകും എന്നാണ് തീരുമാനിച്ചിട്ടുള്ളത്. അതനുസരിച്ച് ഡയറക്ടർക്ക് വേണ്ട നിർദ്ദേശം കൊടുക്കുകയും ആ നിർദ്ദേശം നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) നിയമനം നൽകിയിട്ടുള്ളവരെ ഒഴിച്ചുനിർത്തിയാൽ ഇനിയും 121 പേർ ബാക്കിയുണ്ട്.

(ഡി) ഇവർക്ക് ജോലി നൽകുന്ന കാര്യം ഇനിയും പരിഗണിക്കേണ്ടെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

കുരുമുളക് കൃഷി

* 714 [776] ശ്രീ. എൻ.പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കേരളത്തിൽ എത്ര ഏക്കർ സ്ഥലത്ത് കുരുമുളകു കൃഷി ചെയ്യുന്നുണ്ട്. അതിൽനിന്നുള്ള ഉൽപ്പാദനം എത്ര ടൺ ആണ്;

(ബി) കുരുമുളക് ഉൽപ്പാദനത്തിൽ ആറാം പഞ്ചവൽസരപദ്ധതിക്കാലത്തേക്ക് നിശ്ചയിച്ചിരുന്ന ലക്ഷ്യം എത്ര ടൺ ആണ്;

(സി) ഈ ലക്ഷ്യം നേടാൻ എത്ര ഏക്കർ സ്ഥലത്ത് കൂടുതലായി കുരുമുളക് കൃഷി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്; ഇതിലേക്കു വേണ്ടി വരുന്ന മൊത്തം ചെലവ് എത്ര?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) 1976-77 സാമ്പത്തികവർഷത്തിലെ സ്ഥിതി വിവരക്കണക്കനുസരിച്ച് 1086.66 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി ചെയ്യുന്നുണ്ട്; ഉൽപ്പാദനം 24,497 ടൺ.

(ബി) 45,000 ടൺ

(സി) നിലവിലുള്ള തോട്ടങ്ങളിലെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും കൂടാതെ വർഷംതോറും 1500 ഹെക്ടറിലെങ്കിലും ഇടവിളയായി കൃഷി ചെയ്യാനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആറാം പഞ്ചവൽസര പദ്ധതിയിൽ ഇതിലേക്കായി 38.96 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

മെഡിക്കൽ കൗൺസിൽ

1206 [1930] ശ്രീ. ടി. എം. ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മെഡിക്കൽ കൗൺസിലിൽ സംസ്ഥാനത്തോട്ടാകെ പ്രാതിനിധ്യമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly